# الصلاة المبتدعة

നന്മയാണെന്ന് കരുതി ജനങ്ങൾ ചൊല്ലിക്കൊണ്ടിരിക്കുന്ന അനേകം ദിക്റുകളും കീർത്തനങ്ങളും സമൂഹത്തിൽ പ്രചരിക്കപ്പെട്ടിട്ടുണ്ട്. അവയിൽ വളരെ പ്രചാരത്തിലുള്ള ഒന്നാണ് നാരിയ സ്വലാത്ത്. അതിലെ അപകടം മനസ്സിലാക്കാതെ നിഷ്കളങ്കരായ വിശ്വാസികൾ അത് ചൊല്ലിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അത്തരത്തിലുള്ളവർക്ക് അതിലടങ്ങിയ അപകടം തുറന്ന് കാണിച്ച് സത്യത്തിലേക്ക് ക്ഷണിക്കുകയാണ് ഇതിൻെറ ലക്ഷ്യം. അല്ലാഹു അനുഗ്രഹിക്കട്ടെ.

## നാരിയ സ്വലാത്ത്

**اللّٰهُمَّ صلِّ صلاة كاملة وسلِمِ سلاما تاما على سيدنا محمدٍ الّذي تنحلّ به العقد وتنفرج به الكرب وتقضى به الحوائج وتنال به الرغائب وحسن الخواتم ويستسقي الغمام بوجهه الكريم وعلى آله وصحبه في كل لمحة ونفس بعدد كلّ معلوم لك**

അല്ലാഹുവേ, ഞങ്ങളുടെ നേതാവായ മുഹമ്മദ് നബിക്ക് പൂർണ്ണമായ സ്വലാത്തും (അനുഗ്രഹവും) പരിപൂർണ്ണമായ സലാമും (രക്ഷയും) നൽകേണമേ. ആ പ്രവാചകനെക്കൊണ്ടാണ് ഞങ്ങളുടെ പ്രയാസങ്ങൾ ഒഴിവാകുന്നതും, ഇടങ്ങേറുകൾ നീങ്ങിക്കിട്ടുന്നതും, ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നതും, ആഗ്രഹങ്ങൾ നേടിയെടുക്കുന്നതും, ശുഭപര്യവസാനവും, മേഘങ്ങൾ മഴവർഷിക്കുന്നതും അദ്ദേഹത്തിൻെറ മാന്യമായ മുഖംകൊണ്ടാണ്; അദ്ദേഹത്തിൻെറ കുടുംബത്തിനും അനുചരന്മാരിലും എല്ലാ നിമിഷങ്ങളി

ലും നിൻെറ വിജ്ഞാനത്തിൻെറ എണ്ണം കണക്കെയും (നീ അനുഗ്രഹവും രക്ഷയും നൽകേണമേ).

## എത്ര അപകടകരമായ വാക്കുകൾ !!

ഖുർആൻ പറയുന്നു:

قُل لاَّ أَمْلِكُ لِنَفْسِي نَفْعًا وَلاَ ضَرًّا إِلاَّ مَا شَاء اللّهُ وَلَوْ كُنتُ أَعْلَمُ الْغَيْبَ لاَسْتَكْثَرْتُ مِنَ الْخَيْرِ وَمَا مَسَّنِيَ السُّوءُ إِنْ أَنَاْ إِلاَّ نَذِيرٌ وَبَشِيرٌ لِّقَوْمٍ يُؤْمِنُونَ

''(നബിയേ) പറയുക: എൻെറ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ, ഉപദ്രവമോ വരുത്തൽ എൻെറ അധീനത്തിൽ പെട്ടതല്ല; അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യം അറിയുമായിരുന്നുവെങ്കിൽ ഞാൻ ധാരാളം നന്മകൾ നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാകുന്നു'' (സൂറ: അഅ്റാഫ് 188) ഇതാണ് നബി(ﷺ)യുടെ അവസ്ഥ.

1. നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളും അല്ലാഹുവിൽ നിന്നാണ് എന്ന് വിശ്വസിക്കുന്ന വൻ മാത്രമാണ് യഥാർത്ഥ വിശ്വാസിയായിത്തീരുക.
2. ഇതിൽ പറയപ്പെടുന്നത്, എല്ലാം പ്രവാചകനെക്കൊണ്ടാണ് ഞങ്ങൾക്ക് ലഭിക്കുന്നത് എന്നാണ്. ഇതാകട്ടെ ഇക്കാര്യം അറിഞ്ഞുകൊണ്ടാണ് ചൊല്ലുന്നതെങ്കിൽ അല്ലാഹുവിൻെറ അഫ്ആലുകളിൽ (പ്രവർത്തനങ്ങളിൽ) പങ്ക്ചേർക്കലാണ് (ശിർക്കാണ്). ശിർക്ക് അല്ലാഹു ഒരിക്കലും പൊറുക്കാത്ത പാപമാണ്, മുഴുവൻ സൽക്കർമ്മങ്ങളും അതോടെ നിഷ്ഫലമാകുന്നു, ശാശ്വതമായും നരകാവകാശിയാവുന്നു, ശിർക്ക് പ്രവർത്തിക്കുന്നവർക്ക് ശുപാർശ ലഭിക്കുകയില്ല, ഐഹിക ജീവിതത്തിൽ സമാധാനം പോലും ലഭിക്കുകയില്ല.
3. ഈ സ്വലാത്ത് നബി(ﷺ) പഠിപ്പിച്ചിട്ടില്ല, സ്വഹാബത്തിന് പരിചയമില്ല.
4. നബി(ﷺ) പറഞ്ഞ സ്വലാത്ത് ഒഴിവാക്കുന്ന കുററവും കൂടി പേറേണ്ടതായി വരുന്നു.
5. അത്തഹിയ്യാത്തിന് ശേഷം നാം ചൊല്ലുന്ന ഇബ്റാഹീമീ സ്വലാത്ത് ആണ് ഏററവും പരി പൂർണ്ണമായ സ്വലാത്ത്.

6. ഇതിൻെറ പേര് അറബിയിൽ എഴുതിയാൽ صــلاة النارية നരകസംബന്ധമായ സലാത്ത് എന്നും, മലയാളത്തിൽ പറഞ്ഞാൽ നാറിയ സ്വലാത്ത് എന്നുമാണ്. രണ്ടായാലും പേര് പോലും മോശപ്പെട്ടതാണ്. ഇത് ബിദ്അത്താണ്. ബിദ്അത്ത് നരകത്തിലേക്കുമാണ് എത്തിക്കുക. ആ നിലയിലും പേരിനോട് യോജിക്കുന്നത് തന്നെ !

അത്കൊണ്ട് സുഹൃത്തേ, ഇസ്ലാം പഠിപ്പിച്ചിട്ടില്ലാത്തതും ഇസ്ലാമിക വിശ്വാസത്തിന് എതിരായതുമായ ഇത്തരത്തിലുള്ള സ്വലാത്തുകൾ കയ്യൊഴിക്കുക. പ്രവാചകൻ(ﷺ) പഠിപ്പിച്ചതും ഹദീസുകളിൽ സ്ഥിരപ്പെട്ടതുമായ സ്വലാത്ത് പതിവാക്കുക. നബി(ﷺ) പറയുന്നു: ''നിങ്ങൾ ആരെങ്കിലും എൻെറ മേൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന് പത്ത് സ്വലാത്ത് നൽകുന്നതാണ്'' (അഹ്മദ്, നസാഇ)

നാഥാ, ഞങ്ങൾ അറിയാതെ ചെയ്ത തെററുകൾ നീ ഞങ്ങൾക്ക് പൊറുത്ത് തരേണമേ. ഞങ്ങൾക്ക് സത്യം മനസ്സിലാക്കി, അതുൾക്കൊണ്ട് ജീവിക്കാൻ നീ അനുഗ്രഹം നൽകേണമേ (ആമീൻ)

اللّٰهُمَّ صل على محمد وعلى آل محمد كما صليت على إبراهيـم وعلى آل إبراهيم إنك حميد مجيد اللّٰهُمَّ بارك على مـحـمد وعلى آل محمد كما باركت على إبراهيم وعلى آل إبراهيم إنك حميد مجيد .

***********

**തയ്യാറാക്കിയത് :**
**അബ്ദുൽലത്തീഫ്സുല്ലമി മാറഞ്ചേരി**

المكتب التعـاوني للـدعـوة والإرشــاد وتوعية الجـاليـات بالسلي

تحـت إشراف وزارة الشـؤون الإسـلامية والأوقاف والدعوة والإرشاد

*THE CO OPERATIVE OFFICE FOR CALL & GUIDANCE AT AL-SULAY*
*ഇസ്ലാമിക് ഗൈഡൻസ് സെൻറർ സുലൈ.*

المكتب التعاوني للدعوة والإرشاد وتوعية الجاليات بالبطحاء

# الصلاة النارية

# <u>നാരിയ സ്വലാത്ത്</u>

اللّٰهُمَّ صل صلاة كاملة وسلم سلاماً تاما على سيدنا محمد ، الذي تنحل به العقد ، وتنفرج به الكرب ، وتقضى به الحوائج ، وتنال به الرغائب ، وحسن الخواتم ويستسقى الغمام بوجهه الكريم وعلى آله وصحبه في كل لمحة ونفس بعدد كل معلوم لك .

| | |
|---|---|
| അല്ലാഹുവേ മുഹമ്മദ് നബിക്ക് നീ പൂർണ്ണമായ സ്വലാത്തും സലാമും നൽകേണമേ | اللّٰهُمَّ صل صلاة كاملة وسلم سلاماً تاما على سيدنا محمد : |
| അദ്ദേഹത്തെക്കൊണ്ടാണ് കെട്ടുകൾ അഴിയുന്നത് | الذي تنحل به العقد : |
| അദ്ദേഹത്തെക്കൊണ്ടാണ് പ്രയാസങ്ങൾ വിടുതിയാവുന്നത് | وتنفرج به الكرب : |
| അദ്ദേഹത്തെക്കൊണ്ടാണ് ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത് | وتقضى به الحوائج : |
| അദ്ദേഹത്തെക്കൊണ്ടാണ് ആഗ്രഹങ്ങൾ സഫലമാകുന്നത് | وتنال به الرغائب : |
| നല്ല പര്യവസാനം ലഭിക്കുന്നതും | وحسن الخواتم : |
| അദ്ദേഹത്തിന്റെ മാന്യമായ മുഖത്താൽ മേഘങ്ങളോട് മഴ വർഷിക്കാൻ ആവശ്യപ്പെടും | ويستسقى الغمام بوجهه الكريم : |
| നിനക്കറിയാവുന്നിടത്തോളം ശ്വാസത്തിന്റെയും ഇമവെട്ടലിന്റെയുമത്ര എണ്ണം അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സ്വഹാബത്തിനും (അനുഗ്രഹമുണ്ടാവട്ടെ) | وعلى آله وصحبه في كل لمحة ونفس بعدد كل معلوم لك : |

*******************************************************

**സഹോദരാ..**

റസൂലുല്ലാഹി(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലാൻ നാം കൽപ്പിക്കപ്പെട്ടിട്ടുണ്ട്. സ്വലാത്ത് ചൊല്ലൽ പുണ്യവും അനുഗ്രഹവുമാണ്. അതിന്റെ രൂപം കൃത്യമായി സ്വഹീഹായ ഹദീസുകളിൽ നമുക്ക് കാണാവുന്നതുമാണ്. എന്നാൽ മേൽപ്പറയപ്പെട്ട നാരിയ സ്വലാത്തിന് പ്രവാചകന്റെ ചര്യയിൽ യാതൊരു അടിസ്ഥാനവുമില്ല. നബി(ﷺ)യുടെ പേരിൽ അദ്ദേഹത്തിന് അർഹതയില്ലാത്ത പോരിശകൾ കെട്ടിവെക്കുകയും അല്ലാഹുവിന് മാത്രം അവകാശപ്പെട്ട കാര്യങ്ങളിൽ നബി (ﷺ)യെ പങ്കാളിയാക്കുകയും ചെയ്യുന്ന മേൽ വരികൾ ശിർക്കാണ്.

വിപത്തുകളും ഞെരുക്കവുമുണ്ടാവുമ്പോൾ രക്ഷ ചോദിക്കേണ്ടത് അല്ലാഹുവിനോട് മാത്രമാണ്. ബുദ്ധിമുട്ടുകൾ അകറ്റിത്തരുന്നവൻ അല്ലാഹുവാണെന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. ആവശ്യങ്ങൾ നിറവേറ്റിത്തരുന്നതും ആഗ്രഹങ്ങൾ സഫലമാക്കിത്തരുന്നതും സ്രഷ്ടാവായ അല്ലാഹു മാത്രമാണ്. അവനോടാണ് ഉത്തമമായ പര്യവസാനത്തിന് തേടേണ്ടത്. മഴചൊരിഞ്ഞുതന്ന് അനുഗ്രഹിക്കുന്നതും അവൻ തന്നെ. എന്നിരിക്കെ ആവശ്യങ്ങൾ സഫലമാവാനും വിപത്തുകൾ തടുക്കാനും പ്രവാചകനോട് പ്രാർത്ഥിക്കുന്നത് അല്ലാഹുവോടുള്ള നന്ദികേടും വൻ പാപവുമാണ്.

അതിനാൽ ശിർക്ക് കലർന്ന ഇത്തരം ഗദ്യങ്ങൾ ഒഴിവാക്കി നബി (ﷺ) പഠിപ്പിച്ച സ്വലാത്ത് ചൊല്ലുക. അല്ലാഹു അനുഗ്രഹിക്കട്ടെ, ആമീൻ.

************

തയ്യാറാക്കിയത് :
മുഹമ്മദ്കുട്ടി കടന്നമണ്ണ